"ഭരണഭാഷ മാതൃഭാഷ"

നം.ICDS/A4-15651/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 11.10.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും.

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - സംസ്ഥാന തലത്തിലും ജില്ലാതലത്തിലും റിവ്യൂ മീറ്റിംഗ് സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന: ബഹു. വനിത ശിശു വികസന ഡയറക്ടറുടെ നിർദ്ദേശം.

വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേക്കായി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനോപകാരപ്രദമായ വിവിധ പദ്ധതികളും ജനസേവന പ്രവർത്തനങ്ങളും സമയബന്ധിതമായും മെച്ചപ്പെട്ട നിലവാരത്തിലും ജനങ്ങളിലേക്ക് എത്തിക്കേണ്ടത് അനിവാര്യമാണ്. ആയതിന് സംസ്ഥാന ജില്ലാ തലങ്ങളിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തുടർച്ചയായ ഇടവേളകളിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും റിവ്യൂ മീറ്റിങ്ങുകൾ സംഘടിപ്പിച്ച് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ജില്ലാ തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഓരോ ജില്ലയിലും ജില്ലാ വനിത ശിശു വികസന ഓഫീസറെ ചുമതലപ്പെടുത്തുന്നു.

(1) വകുപ്പിന്റെ ജില്ലാതല മേധാവിയായ ജില്ലാ വനിത ശിശുവികസന ഓഫീസർമാർ, അവരുടെ കീഴ് കാര്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരായ പ്രോഗ്രാം ഓഫീസർ (ജില്ലാതല ICDS സെൽ) ജില്ലാ ശിശു സംരക്ഷണ ഓഫീസർ, വനിത സംരക്ഷണ ഓഫീസർ, JJ ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളുടേയും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമസ്ഥാപനങ്ങളുടെ സൂപ്രണ്ടുമാർ എന്നിവരുടെ അവലോകന യോഗം പ്രതിമാസം 6-ാ മത്തെ പ്രവർത്തി ദിവസം സംഘടിപ്പിക്കേണ്ടതും യോഗ മിനിട്സ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

(2) ജില്ലാ ഓഫീസർമാർ കീഴ്കാര്യാലയങ്ങളിലെ പ്രവർത്തനം നിരീക്ഷിക്കേണ്ടതും വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികൾ വിലയിരുത്തേണ്ടതും ശരിയായ ദിശയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് കീഴ്കാര്യാലയ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്. വകുപ്പ് മുഖേന നടത്തുന്ന എല്ലാ പദ്ധതി പ്രവർത്തനങ്ങളും സേവനങ്ങളും വകുപ്പിൽ നിന്നും നിഷ്കർഷിച്ചിട്ടുള്ള പ്രകാരം

GB

സമയബന്ധിതമായി ഓരോ തലങ്ങളിലും നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

(3) പ്രോഗ്രാം ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, വനിത സംരക്ഷണ ഓഫീസർ, എന്നിവർ ATP യും ടൂർ ഡയറിയും ജില്ലാ ഓഫീസർക്ക് എല്ലാ മാസവും 5-ാം തീയതിയ്ക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

(4) നിർഭയ, MSK, NNM, Nutrition Clinic തുടങ്ങിയ പദ്ധതികൾ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള വിവിധ സ്ത്രീ ശാക്തീകരണ പദ്ധതികൾ, വിവിധ വകുപ്പുതല പ്രവർത്തനങ്ങൾ എന്നിവയുടെ പുരോഗതി വിലയിരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി റിവ്യൂ മീറ്റിംഗ് സംഘടിപ്പിക്കേണ്ടതാണ്.

(5) എല്ലാ കീഴ്ക്കാര്യാലയ മേധാവികളും ജില്ലാ ഓഫീസർമാർ ആവശ്യപ്പെടുന്ന വിവരങ്ങളും റിപ്പോർട്ടുകളും സമയ ബന്ധിതമായി നൽകേണ്ടതാണ്. അതിന് വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

(6) JJ ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ക്ഷേമസ്ഥാപനങ്ങൾ എന്നിവയിൽ വകുപ്പിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള Joint Visit നിർബന്ധമായും നടത്തേണ്ടതാണ്.

ഡയറക്ടർ അദ്ധ്യക്ഷനായുള്ള സംസ്ഥാനതല അവലോകന യോഗം എല്ലാ മാസവും വ്യാഴാഴ്ചകളിൽ രാവിലെ 10.00 മണിമുതൽ 11.00 മണിവരെ സംഘടിപ്പിക്കുന്നതാണ്. ആയതിന്റെ Schedule ചുവടെ ചേർക്കുന്നു.

| ഓരോ മാസത്തെയും റിവ്യൂ മീറ്റിംഗ് സമയം | പങ്കെടുക്കേണ്ട ഉദ്യോഗസ്ഥർ |
|---|---|
| 1-ാം വ്യാഴം | ജില്ലാ വനിത ശിശുവികസന ഓഫീസർമാർ , എല്ലാ പ്രോഗ്രാം ഓഫീസർമാർ (ജില്ലാതല ICDS സെൽ) |
| 2-ാം വ്യാഴം | ജില്ലാ വനിത ശിശുവികസന ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ,, JJ Act പ്രകാരമുള്ള ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർ. |
| 3-ാം വ്യാഴം | ജില്ലാ വനിത ശിശുവികസന ഓഫീസർമാർ, വനിത സംരക്ഷണ ഓഫീസർമാർ, സ്ത്രീകളുടെ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർ. |
| 4-ാം വ്യാഴം | വനിത ശിശുവികസന ഓഫീസർമാർ. |

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

GB